കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പുതിയ സർക്കാർ സ്കൂളുകൾ ആരംഭിക്കുവാൻ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (പി) 98/12/പൊ.വി.വ. തീയതി, തിരുവനന്തപുരം 28/3/12

---

പരാമർശം 1) 30.4.11 ലെ സ.ഉ (പി) 100/11/പൊ.വി.വ.
2) 21.3.12 ലെ മന്ത്രിസഭാ തീരുമാനം

<u>ഉത്തരവ്</u>

2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 6 പ്രകാരം ആക്ട് നിലവിൽ വന്ന് 3 വർഷത്തിനകം അതാത് സർക്കാരുകളാൽ നിശ്ചയിക്കപ്പെട്ട ദൂരപരിധിക്കുള്ളിൽ അയൽപ്പക്ക വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. പരാമർശം (1) മുഖേന രൂപീകരിച്ച 2011 ലെ വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 6(1) (a) പ്രകാരം ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി നടന്നുവരാവുന്ന 1 കി.മി ദൂര പരിധിക്കുള്ളിൽ ഒരു അയൽപ്പക്ക വിദ്യാലയം വേണമെന്നും ചട്ടം 6(1) (b) പ്രകാരം 6 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി നടന്നുവരാവുന്ന 3 കി.മി ദൂര പരിധിക്കുള്ളിൽ ഒരു വിദ്യാലയം വേണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

മേൽ സാഹചര്യത്തിൽ 2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെയും 2011 ലെ വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി ഇനിയും സ്കൂളുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സർക്കാർ സ്കൂളുകൾ തുടങ്ങാൻ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എം.ശിവശങ്കർ
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഐ.ടി.@ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുഭരണ (എസ്.സി) വകുപ്പ് (മന്ത്രിസഭാ തീരുമാനം നമ്പർ . . . . . . )
ധനകാര്യ വകുപ്പ് (27301/ആർ.എ1/12/ധന നമ്പർ ഫയൽ പ്രകാരം)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ